| Class: X | Subject: Malayalam BT | Date: 28-10-20 | Worksheet No: 14 |
|---|---|---|---|

**Lesson & LO: കൊച്ചുചക്കരച്ചി**

1. "കർക്കടകമാസത്തിലെ കറുത്ത വാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പു കൊണ്ട് മറ്റൊരാകാശം സൃഷ്ടിച്ച്, മിന്നാമിനുങ്ങുകളെക്കൊണ്ട് നക്ഷത്രനിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തെയും വേദനയെയും ഉൽക്കടമാക്കിത്തീർത്തു."
മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അഗാധമായ ആത്മബന്ധത്തിന്റെ ഹൃദയസ്പർശിയായ ആവിഷ്കാരമാണ് 'കൊച്ചുചക്കരച്ചി' ഈ പ്രസ്താവന വിലയിരുത്തി കുറിപ്പു തയ്യാറാക്കുക -

2. യുക്തി ഉള്ളിടത്തല്ലേ യുക്തിവാദം ഫലിക്കൂ? ഇവിടെ ഭക്തിയും വിശ്വാസവുമാണ്." കൊച്ചു ചക്കരച്ചിവീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല." എന്ന ഒറ്റ ഉറച്ച നിലയായിരുന്നു അമ്മയ്ക്ക് '
അമ്മയുടെ വിശ്വാസത്തെ കൊച്ചുചക്കരച്ചി സംരക്ഷിച്ചതായി കരുതാമോ? പാഠഭാഗം പരിശോധിച്ച് സ്വന്തം നിരീക്ഷണം കുറിയ്ക്കുക.

3. കൊച്ചു ചക്കരച്ചിക്ക് കൈവരുന്ന മാനുഷിക ഭാവങ്ങൾ എന്തെല്ലാം? കണ്ടെത്തി എഴുതുക?
സൂചന :
* അകാലത്തുള്ള ആ കാറ്റും മഴയും കൊച്ചു ചക്കരച്ചിയുടെ ആത്മാവിനെ കൂട്ടിക്കൊണ്ടുപോകാൻ പ്രത്യേകം നിയുക്തമായവയായിരുന്നു.
* വിൽക്കാനുള്ളതല്ല, ആളുകൾക്ക് ഒന്നും രണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ .